

TUESDAY 14-09-2021 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor : George Sebastian  Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003
Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -14/09/2021

1. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചുവരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പാവൽ, വെണ്ട, പയർ തുടങ്ങിയ പച്ചക്കറികൾ കൊണ്ടുള്ള കൊണ്ടാട്ടങ്ങൾ, പൊടികൾ, വിവിധതരം അച്ചാറുകൾ, ജാം, പഴം ഹൽവ, ചില്ലി സോസ്, തക്കാളി സോസ് തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലുള്ള പഴം പച്ചക്കറികൾ ഉണക്കി സൂക്ഷിക്കേണ്ട പ്രാഥമിക സംസ്കരണവും ചെയ്തു കൊടുക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0487-2370773, 8089173650** എന്നീ ഫോൺ നമ്പരുകളിലോ ccmannuthy@kau.in എന്ന ഇ-മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

2. റബ്ബർഷീറ്റുണക്കുന്ന പുകപ്പുരയുടെ വിവിധ മോഡലുകൾ, അവയുടെ നിർമ്മാണം, പ്രവർത്തനം എന്നിവയെക്കുറിച്ചും നിലവിലുള്ള പുകപ്പുരകളുടെ ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും അറിയുന്നതിന് റബ്ബർബോർഡിന്റെ കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും നാളെ (സെപ്റ്റംബർ 15) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ മറുപടി നൽകും. കോൾസെന്റർ നമ്പർ: **0481-2576622**

3. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം ഈ മാസം 17 വരെ പുൽപള്ളി ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ലഭ്യമാകും. പ്രവൃത്തി സമയം രാവിലെ 10 മുതൽ വൈകീട്ട് 5 വരെ. സേവനം ആവശ്യമുള്ള കർഷകർ ക്ഷീര സംഘങ്ങൾ മുഖേന ഡ്യൂട്ടി ഡോക്ടറുമായി ബന്ധപ്പെടാം. കൂടുതൽ വിവരങ്ങൾക്ക് **9495478744, 90744520868** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

4. വയനാട് അമ്പലവയൽ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നാഗപതി (Serpentine) രീതിയിൽ വേരുപിടിപ്പിച്ച കുരുമുളക് തൈകൾ വില്പനയ്ക്ക് ഒരുങ്ങിയിരിക്കുന്നു. പന്നിയൂർ 5 - 80 എണ്ണം,പന്നിയൂർ 8 - 80 എണ്ണം, 3-5 ഇലകളോട് കൂടിയ നടീൽ വസ്തുക്കളാണ് വില്പനയ്ക്ക് തയ്യാറായിരിക്കുന്നത്. കൂടൊന്നിന് 25 രൂപ. ആവശ്യമുള്ളവർ വട്ടുവൻച്ചാൽ റോഡിലുള്ള കൃഷി വിജ്ഞാന കേന്ദ്രവുമായി ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

5. **സ്**റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രെയിനിംങ്ങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (SAMETI) ആഭിമുഖ്യത്തിൽ ഇന്ന് (14/09/2021-നു) ഉച്ചയ്ക്കു 2 മണി മുതൽ **വരാൽ കൃഷി രീതികൾ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. https://www.facebook.com/SametiKeralaExtensionChann0el/live/ എന്ന ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്.

6. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (സെപ്റ്റംബർ 14-ന്) **മത്സ്യത്തീറ്റ നിർമ്മാണവും പരിചരണവും** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9496134220** എന്ന നമ്പരിൽ ബന്ധപ്പെടുക.

7. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ നിന്നും ഇന്ന് (14-ന്) **താറാവു വളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. താല്പര്യമുളളവർക്ക് **04829-234323** എന്ന ഫോൺ നമ്പറിൽ വിളിച്ചോ **9188522706** എന്ന നമ്പരിൽ വാട്സ് ആപ് നമ്പരിൽ സന്ദേശമയച്ചോ പരിശീലനത്തൽ പങ്കെടുക്കാവുന്നതാണ്.

8. ക്ഷീര വികസന വകുപ്പിന്റെ കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (14.09.2021 ന്) രാവിലെ 11 മണി മുതൽ 1 മണി വരെ **ക്ഷീര മേഖലയിലെ യന്ത്രവൽക്കരണം** എന്ന വിഷയത്തെ

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സംബന്ധിച്ച് ഗൂഗിൾ മീറ്റ് മുഖേന പരിശീലന പരിപാടി നടത്തുന്നു. പരിശീലനത്തിന് പങ്കെടുക്കുവാൻ താൽപര്യമുള്ളവർക്ക് https://meet.google.com/iff-xwbj-kqe എന്ന ലിങ്ക് (കോഡ്: iff-xwbj-kqe) മുഖേന ജോയിൻ ചെയ്യാവുന്നതാണ്.

9. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (14/09/2021 ന്) രാവിലെ 10.30 മണിക്ക് **ശാസ്ത്രീയ തീറ്റക്രമം- തീറ്റപ്പുൽക്കൃഷിയും സംസ്ക്കരണവും** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലനത്തിന് പങ്കെടുക്കുവാൻ താൽപര്യമുള്ളവർക്ക് http://meet.google.com/uei-vphp-gni എന്ന ലിങ്ക് മുഖേന ജോയിൻ ചെയ്യാവുന്നതാണ്.

10. ആതവനാട് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് വേണ്ടി കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച കൊണ്ട് പശു, ആട്, എരുമ, കോഴി, കാട, താറാവ്, മുയൽ, നായ വളർത്തൽ, തീറ്റപ്പുൽകൃഷി എന്നീ വിഷയങ്ങളിൽ എൽ.എം.ടി.സി ആതവനാട് വെച്ച് പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ള കർഷകർ 0494-2962296 എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

11. ആലത്തൂർ ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് നാളെ (സെപ്റ്റംബർ 15 ന്) രാവിലെ 11 മണിക്ക് **ആദായകരമായ പാലുൽപാദനം-തീറ്റപ്പുൽകൃഷിയിലൂടെ** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി ഓൺലൈൻ പരിശീലനം നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർക്ക് https:/meet.google.com/esm-uyaj-pni എന്ന ഗൂഗിൾ മീറ്റ് ലിങ്കിലൂടെ പരിശീലനത്തിൽ പ്രവേശിക്കാം. കൂടുതൽ വിവരങ്ങൾക്ക് **0492-2226040** എന്ന നമ്പരിലോ dtcalahur@gmail.com എന്ന മെയിലിലോ ബന്ധപ്പെടുക.

12. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഈ മാസം 16-ന് (സെപ്റ്റംബർ 16) രാവിലെ 11 മണി മുതൽ **പാലിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങൾ (പനീറും**

**പനീർ വിഭവങ്ങളും)** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ **9947775978** എന്ന വാട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകിയോ **0476 2698550** എന്ന ഫോൺ നമ്പരിൽ വിളിച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

13. **റബ്ബറിന്റെ നിയന്ത്രിത കമിഴ്ത്തിവെട്ട്, ഇടവേള കൂടിയ ടാപ്പിങ്** തുടങ്ങിയ നൂതന വിളവെടുപ്പു രീതികളിൽ റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഈ മാസം 17-ന് (സെപ്റ്റംബർ 17-ന്) ഓൺലൈൻ പരിശീലനം നടത്തുന്നു. രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടേണ്ടതാണ്. ഇ-മെയിൽ: training@rubberboard.org.in

## കാർഷിക നിർദ്ദേശങ്ങൾ

14. ശീതകാല വിളകളായ കാരറ്റ്, ബീറ്റ്റൂട്ട്, കാബേജ്, ക്വാളിഫ്ളവർ, സവാള തുടങ്ങിയവ സെപ്റ്റംബർ മുതൽ ഫെബ്രുവരി വരെയുള്ള മാസങ്ങളിലാണ് കൃഷി ചെയ്യുന്നത്. കാരറ്റിൽ പുസ രുധിര, സൂപ്പർ കുറോഡാ തുടങ്ങിയവയും ബീറ്ററൂട്ടിൽ മധുർ, ഇൻഡാം റൂബി ക്വീൻ എന്നീ ഇനങ്ങളും കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായവയാണ്. ഇവയുടെ വിത്തുകൾ തവാരണകളിൽ പാകാനുള്ള അനുയോജ്യമായ സമയമാണിപ്പോൾ. നല്ല നീർ വാർച്ചയും, സൂര്യപ്രകാശവും ഇളക്കവുമുള്ള മണ്ണാണ് കൃഷിയ്ക്കായി തിരഞ്ഞെടുക്കേണ്ടത്. സെപ്റ്റംബർ അവസാന വാരത്തിലോ ഒക്ടോബർ ആദ്യ വാരത്തിലോ കാബേജ്, ക്വാളിഫ്ളവർ, സവാള ഇവ നടുന്നതിനായി നഴ്സറി തയ്യാറാക്കേണ്ടതുണ്ട്. കാബേജ്, കോളിഫ്ളവർ തുടങ്ങിയവയ്ക്ക് ഒരു മാസവും സവാളയ്ക്ക് ഒന്നര മുതൽ രണ്ട് മാസം വരെയുമാണ് നഴ്സറിയിൽ ഇവയെ വളർത്തേണ്ടത്. കാബേജിൽ NS-43, NS-183, NS-160 എന്നീ ഇനങ്ങളും സവാളയിൽ അ്രി ഫേൗണ്ട് ഡാരക്ക് റെഡ്, അർക്ക നികേതൻ, അർക്ക കല്യാൺ, N-53 എന്നീ ഇനങ്ങളും ആണ് കേരളത്തിന്റെ കാലാവസ്ഥയ്ക്കു ഏറ്റവും അനുയോജ്യം. ഇവയുടെ വിത്ത് ശേഖരണവും കൃഷിക്കായുള്ള തയ്യാറെടുപ്പുകളും ഈ സമയത്ത് ആരംഭിക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം